സെപ്തംബർ 2015

# കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപ്പത്രിക

## രാജ്ഭാഷാ കീർത്തി പുരസ്കാരം

# എച്ച്എൽഎല്ലിന് ഒന്നാം സ്ഥാനം



രാജ്ഭാഷാ കീർത്തി പുരസ്കാരം രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജിയിൽ നിന്ന് എച്ച്എൽഎൽ സിഎംഡി ഡോ.എം അയ്യപ്പൻ സ്വീകരിക്കുന്നു.കേന്ദ്ര ആഭ്യന്തരവകുപ്പ് മന്ത്രി ശ്രീ. രാജ്നാഥ് സിങ്, കേന്ദ്ര ആഭ്യന്തരവകുപ്പ് സഹമന്ത്രി ശ്രീ.പാർഥിഭായ് ചൗധരി എന്നിവർ സമീപം

ദക്ഷിണേന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷാ ഫലപ്രദമായി നടപ്പാക്കിയതിനുള്ള രാജ്ഭാഷാ കീർത്തി പുരസ്കാരം രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജിയിൽ നിന്ന് എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം അയ്യപ്പൻ ഏറ്റുവാങ്ങി. ഒൻപതാം തവണയാണ് എച്ച്എൽഎൽ ഹിന്ദി ഭാഷാ പുരസ്ക്കാരത്തിന് അർഹരാവുന്നത്. ഒന്നാം സ്ഥാനം നേടിയാണ് എച്ച്എൽഎൽ നേട്ടം ആവർത്തിച്ചത്. കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഭാഷാ നയത്തെ പ്രോൽസാഹിപ്പിക്കുന്ന നേട്ടങ്ങൾക്ക് കേന്ദ്ര ആഭ്യന്തര ഭാഷാ മന്ത്രാലയത്തിലെ രാജ്ഭാഷാ വിഭാഗം നൽകുന്നതാണ് രാജ്ഭാഷാ കീർത്തി പുരസ്കാരങ്ങൾ. 1949 സെപ്റ്റംബർ 14നു ഹിന്ദി ഔദ്യോഗിക ഭാഷയായി ഭരണഘടനാ സഭ പ്രഖ്യാപിച്ചതിന്റെ വാർഷികമാണ് എല്ലാ വർഷവും ഹിന്ദി ദിവസ് ആയി രാജ്യവ്യാപകമായി ആഘോഷിക്കുന്നത്.

ഭരണ ഭാഷയായ ഹിന്ദിയെ ജീവനക്കാർക്കിടയിൽ ജനകീയമാക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തിയാണ് എച്ച്എൽഎൽ വിജയം നേടിയതെന്നു ഡോ.എം. അയ്യപ്പൻ പറഞ്ഞു. ഹിന്ദി സ്വായത്തമാക്കുന്നതിന് വിവിധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനു പുറമേ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി ഹിന്ദി ഭാഷയുമായി ബന്ധപ്പെട്ട വൈവിധ്യമാർന്ന മത്സരങ്ങളും കലാ, വിനോദ പരിപാടികളും തുടർച്ചയായി നടത്താറുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എച്ച്എൽഎല്ലിന്റെ രാജ്ഭാഷ മാസികയായ 'സമന്വയ'യിൽ പ്രസിദ്ധീകരിച്ച 'ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിൽ എച്ച്എൽഎല്ലിന്റെ പങ്ക് ' എന്ന ലേഖനത്തിന് എച്ച്എൽഎൽ പേരൂർക്കട ഫാക്ടറിയിലെ ഉദ്യോഗസ്ഥ ശ്രീമതി പി. ഇന്ദിരാമ്മയ്ക്ക് രാജ്ഭാഷ ഗൗരവ് പുരസ്കാരം( രണ്ടാം സ്ഥാനം) ലഭിച്ചു.22,000 രൂപയും സർട്ടിഫിക്കറ്റുമടങ്ങുന്നതാണ് പുരസ്കാരം.

# സംഗീത നാടക അക്കാദമിയുടെ ലഘുനാടക മൽസരങ്ങൾക്ക് എച്ച്എൽഎൽ വേദിയായി

എച്ച്എൽഎല്ലിന്റെ സഹകരണത്തോടെ കേരളസംഗീത നാടക അക്കാദമിയും സാംസ്കാരിക വകുപ്പും സംയുക്തമായി, പേരൂർക്കടയിലെ എച്ച്എൽഎൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ദക്ഷിണമേഖലാ ലഘു നാടക മൽസരങ്ങളുടെ ഔപചാരിക ഉദ്ഘാടനം സെപ്റ്റംബർ 12 ന് എച്ച്എൽഎൽ സിഎംഡി ഡോ. എം.അയ്യപ്പൻ നിർവ്വഹിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള മികച്ച അമച്വർ നാടക സംഘങ്ങളുടെ 10 നാടകങ്ങളാണ് 5 ദിവസം നീണ്ടു നിന്ന നാടക മൽസരത്തിൽ വേദിയിലെത്തിയത്.

കൊല്ലം സ്വരലയ സാംസ്കാരിക സമിതിയുടെ 'ആക്ടർ ആൻഡ് ക്രൂ', തൃശൂർ അഭിനയ നാടക സമിതിയുടെ 'ഒറ്റ', കോട്ടയം ബ്ലാക്ക്സ്റ്റേജ് തീയ്യേറ്റർ ഗ്രൂപ്പ് ആൻഡ് റിസേർച്ച് സെന്ററിന്റെ 'കാലിൽ പുര വെച്ചു നടക്കുന്നവൻ' , കോട്ടയം ഉല യൂണിറ്റി ഇൻ ലിറ്ററേച്ചർ ആൻഡ് ആർട്ടിന്റെ 'ഗൊഗോളിന്റെ മൂക്ക് ' തുടങ്ങി 10 നാടകങ്ങൾ ആണ് അരങ്ങിലെത്തിയത്.കേരള സംഗീത നാടക അക്കാദമി കേരളത്തിലുടനീളം എല്ലാ മാസവും നടത്തിവരുന്ന കലാപരിപാടികളുടെ തലസ്ഥാനത്തെ വേദികളിലൊന്നാണ് സർഗം ഓഡിറ്റോറിയം.



ദക്ഷിണമേഖലാ ലഘുനാടക മത്സരങ്ങളുടെ ഉദ്ഘാടനം സിഎംഡി ഡോ.എം.അയ്യപ്പൻ നിർവഹിക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ

# എച്ച്എൽഎല്ലിന്റെ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ




'നിർമാൺ ഭവനിൽ' സ്ഥാപിച്ച വെൻഡിംഗ് മെഷീനുകളുടെ ഉദ്ഘാടനം അഡീഷണൽ സെക്രട്ടറി ആൻഡ് മിഷൻ ഡയറക്ടർ (നാഷണൽ ഹെൽത്ത് മിഷൻ) ശ്രീ. സി.കെ മിശ്ര നിർവഹിക്കുന്നു.

നിർമാൺ ഭവനിലെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ എച്ച്എൽഎല്ലിന്റെ നാല് 'വെൻഡിഗോ' സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ചു.

ആരോഗ്യ മന്ത്രാലയം അഡീഷണൽ ഡയറക്ടർ ജനറൽ  ശ്രീ. സി ആർ കെ നായർ, ജോയിന്റ് സെക്രട്ടറി ഡോ. രാകേഷ് കുമാർ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡയറക്ടർ (പ്രൊക്യൂർമെന്റ്) ശ്രീ. വികാസ് ആര്യ, എച്ച്എൽഎൽ സിഎംഡി ഡോ.എം.അയ്യപ്പൻ എന്നിവരുടെ സാന്നിധ്യത്തിൽ, അഡീഷണൽ സെക്രട്ടറി ആൻഡ് മിഷൻ ഡയറക്ടർ,നാഷണൽ ഹെൽത്ത് മിഷൻ ശ്രീ.സി.കെ മിശ്ര വെൻഡിംഗ് മെഷീനുകൾ ഉദ്ഘാടനം ചെയ്തു.

സ്ത്രീകളുടെ ആരോഗ്യത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകുന്ന ധീരമായ കാൽവയ്പാണ് 'വെൻഡിഗോ'യെന്നും സ്കൂൾ, ഓഫീസ്, ആശുപത്രി എന്നിവിടങ്ങളിൽ ഇവ കൂടുതലായി സ്ഥാപിക്കണമെന്നും ശ്രീ. മിശ്ര പറഞ്ഞു.

രാജ്യത്തെ സ്ത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കുമിടയിൽ ഗുണമേൻമയേറിയ സാനിറ്ററി നാപ്കിനുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആർത്തവ കാല ശുചിത്വം ഉറപ്പുവരുത്തുന്നതിനും എച്ച്എൽഎൽ പ്രതിജ്ഞാബദ്ധമാണെന്ന് ഡോ. അയ്യപ്പൻ പറഞ്ഞു. നിലവിൽ പ്രത്യേകിച്ച് ഗ്രാമീണമേഖലയിൽ നാപ്കിനുകളുടെ ഉപയോഗം വളരെ കുറവാണ്. ഇന്ത്യയിൽ നാപ്കിനുകൾ കടകളിൽ നിന്നു വാങ്ങുന്നതിന് സ്ത്രീകൾക്ക് മടിയുള്ളതായും വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ 'വെൻഡിഗോ' മെഷീനുകളിലൂടെ നാപ്കിനുകൾ നേരിട്ട് ലഭിക്കും. എല്ലാസമയവും ഇവയുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എച്ച്എൽഎല്ലിന്റെ ബെൽഗാമിലെ കനഗല ഫാക്ടറിയിൽ നിർമ്മിക്കുന്ന 'ഹാപ്പി ഡെയ്സ്' ബ്രാൻഡിലുള്ള മൂന്നു നാപ്കിൻ അടങ്ങിയ പായ്ക്കറ്റ് പത്ത് രൂപയ്ക്ക് 'വെൻഡിഗോ'യിലൂടെ ലഭ്യമാകും. 'വെൻഡിഗോ' മെഷീനിൽ ഒരു രൂപയുടേയും അഞ്ച്, പത്ത് രൂപയുടേയും നാണയങ്ങൾ ഉപയോഗിക്കാനാകും.പ്രതിവർഷം 400 ദശലക്ഷം നാപ്കിനുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശേഷി ബെൽഗാമിലെ കനഗല ഫാക്ടറിക്കുണ്ട്.

നിലവിൽ സ്ത്രീകളും കൗമാരക്കാരായ പെൺകുട്ടികളുമുള്ള സ്കൂൾ, കോളേജ്, ഓഫീസ്, ഹോസ്റ്റൽ എന്നിവിടങ്ങളിൽ 'വെൻഡിഗോ' മെഷീനുകൾ സ്ഥാപിക്കുന്നതിനായി വിവിധ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് എച്ച്എൽഎൽ പ്രവർത്തിക്കുന്നുണ്ട്. മധ്യപ്രദേശ്, മഹാരാഷ്ട്ര, ഹരിയാന, പശ്ചിമ ബംഗാൾ, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലെ വിവിധ വകുപ്പുകളുമായി ചേർന്ന് ഇത് നടപ്പിലാക്കിവരുന്നുണ്ട്.

ഉപയോഗിച്ച നാപ്കിനുകൾ നിർമാർജ്ജനം ചെയ്യുന്നതിനുള്ള ഇൻസിനറേറ്ററും എച്ച്എൽഎൽ ലഭ്യമാക്കുന്നുണ്ട്. തിരുവനന്തപുരത്ത് മാത്രം കോർപറേഷൻ ഓഫീസ്, എസ് ഇ ടി എൻജിനീയറിംഗ് കോളേജ്, ഗവർൺമെന്റ് വിമൻസ് കോളേജ് തുടങ്ങി 34 ഇടങ്ങളിൽ 'വെൻഡിഗോ' മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

*കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതികൾക്കായി നാപ്കിനുകൾ ലഭ്യമാക്കുന്നതിനു പുറമേ എച്ച്എൽഎല്ലിന്റെ ലാഭരഹിത സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് (എച്ച്എൽഎഫ്പിപിടി) സാനിറ്ററി നാപ്കിനുകളെക്കുറിച്ച് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.*



## ആരോഗ്യരംഗത്തെ സേവന മികവിന്

# എച്ച്എൽഎല്ലിന് ഫിക്കിയുടെ അംഗീകാരം

ആരോഗ്യരംഗത്തെ മികച്ച സേവനങ്ങൾക്ക് ഫെഡെറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) ഏർപ്പെടുത്തിയിട്ടുള്ള ഹെൽത്ത് കെയർ എക്സലൻസ് അവാർഡ് എച്ച്എൽഎല്ലിന് ലഭിച്ചു. ഡൽഹി എയിംസിൽ പ്രവർത്തിക്കുന്ന എച്ച്എൽഎല്ലിന്റെ സൗജന്യ പൊതു ഔഷധശാലയാണ് കസ്റ്റമർ എക്സപീരിയൻസ് വിഭാഗത്തിലെ മികച്ച ബിസിനസ് മാതൃകയായി തെരെഞ്ഞെടുക്കപ്പെട്ടത്.




ഫിക്കി ചീഫ് ശ്രീ ആർ വി കണോറിയയിൽ നിന്ന് എച്ച്എൽഎൽ വിമൻസ് ഹെൽത്ത് കെയർ ഡിവിഷൻ അസിസ്റ്റന്റ് മാനേജർ കുമാരി ശ്യാമലി പുരസ്കാരം ഏറ്റുവാങ്ങുന്നു.

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ രോഗികൾക്ക് വേഗത്തിൽ ഔഷധങ്ങൾ ലഭ്യമാക്കി, സർക്കാർ ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുക എന്ന ലക്ഷ്യത്തോടെയാണ് എച്ച്എൽഎൽ എയിംസിൽ സൗജന്യ ഔഷധശാല ആരംഭിച്ചത്.തിരക്കേറിയ സമയങ്ങളിൽ പോലും മരുന്നിനു വേണ്ടിയുള്ള നീണ്ട കാത്തിരിപ്പ് ഒഴിവാക്കാൻ എച്ച്എൽഎല്ലിന്റെ സംരംഭത്തിലൂടെ സാധിക്കുന്നുണ്ട്.

എച്ച്എൽഎൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന പുതിയ ആശയങ്ങൾക്ക് ഫിക്കി അവാർഡ് പ്രചോദനമാകുമെന്ന് കമ്പനി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ എം അയ്യപ്പൻ പറഞ്ഞു. എച്ച്എൽഎല്ലിന്റെ പദ്ധതികളുടെ നവീനതയ്ക്കും പദ്ധതി നിർവ്വഹണത്തിലെ കൃത്യതയ്ക്കുമുള്ള അംഗീകാരമാണിതെന്നും ഇന്ത്യയിലെ എല്ലാ സർക്കാർ ആശുപത്രികളും കൂട്ടിയിണക്കി ഇത്തരത്തിലുള്ള സൗജന്യ പൊതുമരുന്നു ശാലകളുടെ ശൃംഖല ആരംഭിക്കുന്നതിനുള്ള പദ്ധതി എച്ച്എൽഎൽ തയ്യാറാക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.


നൂതന ആശയങ്ങൾ നടപ്പാക്കി മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്ന ഇന്ത്യയിലെ ആരോഗ്യസ്ഥാപനങ്ങളെയും വ്യക്തികളെയും ആദരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫിക്കി ഹെൽത്ത്കെയർ അവാർഡുകൾ നൽകുന്നത്. മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. എസ്.വൈ ഖുറേഷി, കൊളംബിയ ഏഷ്യ ഹോസ്പിറ്റൽ ചെയർമാനും മാനേജിംഗ് ഗ്രൂപ്പ് മെഡിക്കൽ ഓഫീസറുമായ ഡോ നന്ദകുമാർ ജയറാം എന്നിവരുൾപ്പെട്ട ജൂറിയാണ് പുരസ്കാരത്തിനായി എച്ച്എൽഎല്ലിനെ തിരഞ്ഞെടുത്തത്.

ഡൽഹിയിൽ നടന്ന ചടങ്ങിൽ ഫിക്കി ചീഫ് ശ്രീ ആർ വി കണോറിയയിൽ നിന്ന് എച്ച്എൽഎൽ വിമൻസ് ഹെൽത്ത് കെയർ ഡിവിഷൻ അസിസ്റ്റന്റ് മാനേജർ കുമാരി ശ്യാമലി പുരസ്കാരം ഏറ്റുവാങ്ങി.

## ഒററനോട്ടത്തിൽ



സെപ്റ്റംബർ 1 ന് നടന്ന 'തിങ്ക്ടാങ്ക് ' ലക്ചർ സീരീസിൽ പ്രൊഫ. ജെ. ഫിലിപ്പ് (പ്രസിഡന്റ്,എക്സ്ഐഎംഇ , ബാംഗ്ലൂർ) ക്ലാസെടുക്കുന്നു.



എച്ച്എൽഎൽ കോർപ്പറേറ്റ് ഹെഡ് ഓഫീസിൽ ആഗസ്റ്റ് 23 ന് സംഘടിപ്പിച്ച ഓണാഘോഷ പരിപാടി.




ശ്രീമതി പി. ഇന്ദിരാമ്മ (പേരൂർക്കട ഫാക്ടറി ) രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജിയിൽ നിന്നും രാജ്ഭാഷ ഗൗരവ് പുരസ്കാരം സ്വീകരിക്കുന്നു.

# “എന്റെ എച്ച്എൽഎൽ ”

## ജീവനക്കാരുടെ പ്രതികരണങ്ങൾ

*മാറ്റങ്ങളുടെ ചുവടു പിടിച്ചാണ് എച്ച്എൽഎല്ലിന്റെ വളർച്ച. പടിപടിയായി വളർന്ന് വളർന്ന്, ഇന്ന് 7 കമ്പനികൾ ചേർന്നൊരു ബൃഹത്ത് ഗ്രൂപ്പ് ആയി എച്ച്എൽഎൽ പരിണമിച്ചിരിക്കുന്നു. കമ്പനിയുടെ ജീവ നാടികളായ ജീവനക്കാർ ഈ വളർച്ചയേയും, കമ്പനിയേയും എങ്ങനെ നോക്കിക്കാണുന്നു? ഒരു അന്വേഷണം...*



രതീഷ് ( പാക്കിംഗ് ), പേരൂർക്കട ഫാക്ടറി

“2001 മുതൽ എച്ച്എൽഎല്ലിന്റെ ഭാഗമാണ്. ഇവിടെ വന്നതിന് ശേഷം കേരള സംസ്ഥാന സർക്കാരിന് കീഴിലുള്ള 3 സ്ഥാപനങ്ങളിൽ ജോലിക്ക് ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ അവസരം ലഭിച്ചതാണ്. എന്നാൽ ഇവിടം വിട്ട് പോകാൻ തോന്നിയില്ല.

എച്ച്എൽഎൽ ഒരു കുടുംബം പോലെയാണ്. നമ്മുടെ ഉല്പ്പാദനം ഇരട്ടിയായി. ഇങ്ങനെ ഒരു വളർച്ച കൈവരിക്കാനായത് നമ്മുടെ കമ്പനിയുടെ തൊഴിൽ സംസ്ക്കാരത്തിന്റെ മേൻമ കൊണ്ടാണ്. ”



കൃഷ്ണൻ നമ്പൂതിരി. എൻ. എസ് (ഒ5), ആക്കുളം ഫാക്ടറി

“1988 മുതൽ എച്ച്എൽഎല്ലിന്റെ ഭാഗമാണ്. കമ്പനിയുടെ വളർച്ച അഭൂതപൂർവ്വമാണ്. ഈ പ്രവർത്തന ശൈലി ഇതേ രീതിയിൽ പിന്തുടരണമെന്നാണ് എന്റെ അഭിപ്രായം”.



ആർ. ഗീതാദേവി (അക്കൗണ്ട്സ്), ആക്കുളം

“ 1996 ലാണ് ഇവിടെ ജോലിയിൽ പ്രവേശിച്ചത്. ഫാമിലി പ്ലാനിംഗ് പദ്ധതി തന്നെ എച്ച്എൽ എല്ലിനെ ദേശീയതലത്തിൽ ശ്രദ്ധേയമാക്കിയിരുന്നു. ഇപ്പോൾ അതിലേറെ വളർന്നു. ഇത്രയും കമ്പനി വളരുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല“.



ലക്ഷ്മി (ക്വാളിറ്റി അഷ്വറൻസ്), പേരൂർക്കട

“എന്റെ അച്ഛൻ എച്ച്എൽഎല്ലിലെ ജീവനക്കാരൻ ആയിരുന്നു. അച്ഛൻ മരിച്ചപ്പോഴാണ് ഇവിടെ ജോലിക്ക് ചേർന്നത്. കുഞ്ഞുനാളിൽ എച്ച്എൽഎൽ സംഘടിപ്പിച്ച ഒരു എക്സ്പോ കാണാൻ വന്നിട്ടുണ്ട്. അന്നത്തെ എച്ച്എൽഎല്ലിൽ നിന്നും ഇന്നത്തെ ഈ വളർച്ച അതിശയിപ്പിക്കുന്നതാണ്. 2008 മുതൽ എച്ച്എൽഎൽ ജീവനക്കാരിയാണ്. വിജയ് ദിവസ് പോലെ ജീവനക്കാർക്കിടയിലും മാസം തോറും മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നവരെ ആദരിക്കുന്ന ചടങ്ങുകൾ സംഘടിപ്പിക്കുകയാണെങ്കിൽ ജീവനക്കാരെ അത് ഏറെ പ്രചോദിപ്പിക്കുമെന്നാണ് എന്റെ അഭിപ്രായം. എച്ച്എൽഎല്ലിന്റെ എല്ലാ ഉല്പ്പന്നങ്ങളും ലഭിക്കുന്ന ഒരു പ്രത്യേക കട തുടങ്ങിയാൽ നല്ലതാണ്.”



സി. പ്രദീപ്കുമാർ, ഓഫീസർ (എഞ്ചിനിയറിംഗ്), ആക്കുളം

**“1987ൽ ഇവിടെ ജോലിക്ക് ചേർന്നു. സാധാരണ ഗ്രേഡിൽ നിന്നും ഉയർന്ന ഗ്രേഡിലേക്ക് മാറ്റം കിട്ടിയ ആളാണ് ഞാൻ. ഉണ്ണുന്ന ഈ ചോറിനോട് എന്നും കടപ്പാടുണ്ടാകും. ഇവിടെ നിന്നും വിരമിച്ചവരെ ഒരു കുടക്കീഴിൽ അണിനിരത്തി ഒരു ആഘോഷം സംഘടിപ്പിച്ചാൽ പുതിയ തലമുറയിൽപ്പെടുന്ന നമ്മൾക്കൊക്കെ അതൊരു പ്രചോദനം ആകും.”**

“1987 ൽ ആണ് എച്ച്എൽഎല്ലിൽ ജോലിക്ക് ചേർന്നത്. ലാറ്റെക്സിൽ ആണ് ജോലി എന്നു പറയുമ്പോൾ, കോണ്ടം നിർമിക്കുന്ന കമ്പനി ആയത് കൊണ്ട് ആദ്യം ഒരു ജാള്യതയായിരുന്നു. എന്നാൽ ഇന്ന് അങ്ങനെയല്ല. കല്യാണാലോചനകൾ വരുമ്പോൾ എച്ച്എൽഎല്ലിലാണ് ജോലി എന്ന് പറയുമ്പോൾ പ്രത്യേക വിലയാണ്. ഏത് സദസ്സിലും എച്ച്എൽഎൽ ജീവനക്കാർക്ക് നല്ല സ്വീകരണമാണ് ലഭിക്കുന്നത്. ഇത്ര വലിയ വളർച്ച നമ്മുടെ കമ്പനി കൈവരിക്കുമെന്ന് തീരെ പ്രതീക്ഷിച്ചതേയില്ല.”



പി. ഇന്ദിരാമ്മ (സ്റ്റോർ), പേരൂർക്കട



എസ്. വാമനൻ നമ്പൂതിരി (എഞ്ചിനിയറിംഗ്),ആക്കുളം

“1987 മുതൽ എച്ച്എൽഎൽ കുടുബാംഗം ആണ്. എച്ച്എൽഎൽ പ്രവർത്തനങ്ങൾ ഇത്ര വിപുലപ്പെടുത്തിയതിൽ അഭിമാനം തോന്നുന്നു. പൊതു ജനങ്ങളുടെ ഇടയിൽ നല്ല അഭിപ്രായമാണ് കമ്പനിയുടെ വളർച്ചയെക്കുറിച്ച്.”



എൻ. എസ്. ഷീന (ലാബ്), പേരൂർക്കട

**“ 1998 ൽ ഇവിടെ ജോലിയിൽ പ്രവേശിച്ചതു മുതൽ ഇന്നു വരെ എച്ച്എൽഎൽ എനിക്ക് എന്റെ സ്വന്തം വീട് പോലെയാണ്. പൊതു ഇടങ്ങളിലെല്ലാം നമ്മുടെ യൂണിഫോം പെട്ടെന്ന് തിരിച്ചറിയപ്പെടാറുണ്ട്. എച്ച്എൽഎൽ ജീവനക്കാരിയെന്ന് പറയുമ്പോൾ നല്ല പരിഗണന ലഭിക്കുന്നുമുണ്ട്.”**